II അടിയന്തിര പ്രമേയം

ആലുവായിലെ കീഴ്മാട് അന്ധ വിദ്യാലയത്തിലെ വിദ്യാർത്ഥികളെ മർദ്ദിച്ച സംഭവം

മി. സ്പീക്കർ : ആലുവ, കീഴ്മാട് അന്ധവിദ്യാലയത്തിൽ ഞായറാഴ്ച രാത്രി ആലുവ പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസ് നടത്തിയ ഭീകരമായ ലാത്തിചാർജ്ജിൽ നിരവധി അന്ധവിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയും 11 പേരെ ആശുപത്രിയിലാക്കുകയും ചെയ്ത സംഭവത്തെ തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷത്തെ സംബന്ധിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സമാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഇ. കെ. നായനാർ, കെ. പി. പ്രഭാകരൻ, എ. സി. ഷൺമുഖദാസ്, ബേബി ജോൺ, കെ. ചന്ദ്രശേഖരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

[9.30 a. m]

മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ : സർ, ഈ സംഭവം സംബന്ധിച്ച് ഇന്നലെ വൈകുന്നേരം തന്നെ ആലുവാ എം. എൽ. എ. ശ്രീ. മുഹമ്മദാലി എന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയുണ്ടായി. ഉടൻതന്നെ ഞാൻ അതിനെ കുറിച്ച് അന്വേഷിപ്പിക്കുകയുണ്ടായി. ഞാൻതന്നെ എസ്. പി. എ. നേരിട്ട് വിളിച്ച് സംസാരിച്ചു. അതിൽ നിന്ന് കിട്ടിയ വിവരം ഞാൻ സഭയുടെ മുമ്പാകെ കൊണ്ടുവരുകയാണ്. 7-11-1936 മുതൽ ആലുവാ-കീഴ്മാട്, അന്ധ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ അവർക്ക് കൂടുതൽ സൗകര്യങ്ങൾ നേടണമെന്ന് (ഹോസ്റ്റൽ സൗകര്യവും ഭക്ഷണസൗകര്യവും) ആവശ്യപ്പെട്ടുകൊണ്ട് ഒരു സമരം ആരംഭിച്ചു. ഈ വിദ്യാലയം നടത്തുന്നത് അവിടുത്തെ ഒരു ക്രിസ്തീയ സംഘടനയാണ്. ഇത് ഒരു റെക്കഗ്നൈസ്ഡ് സ്കൂളല്ല, അൺറെക്കഗ്നൈസ്ഡ് സ്കൂളാണ്. അതിന്റെ മാനേജർ ശ്രീ. ഒ. എം. കോരുതും ഹെഡ്മിസ്ട്രസ് ശ്രീമതി അന്നക്കുട്ടി ജോസുമാണ്. 9-ാം തീയതി വൈകുന്നേരം വിദ്യാർത്ഥികൾ ഉന്നയിച്ച ആവശ്യത്തെക്കുറിച്ച് ആ സ്കൂളിന്റെ പ്രാർത്ഥനാഹാളിൽവച്ച് സമരസമിതിയുടെ പ്രതിനിധികളും കൺവീനർ മറിയാമ്മയും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുമായും സംസാരിച്ചു. ഏതാനും കാര്യത്തിൽ തീരുമാനമുണ്ടാക്കാൻ അവർക്ക് സാധിച്ചു. പക്ഷെ ആ തീരുമാനം സ്കൂളിന്റെ ഔദ്യോഗിക കടലാസിൽ രേഖപ്പെടുത്തി കൈമാറണം എന്ന് പറഞ്ഞപ്പോൾ മാനേജ്മെന്റിന്റെയല്ല, എക്സിക്യൂട്ടീവിന്റെ ചുമതലയിലാണ് സംഭാഷണം നടന്നത് എന്നുള്ളതുംകൊണ്ട്, ആ എക്സിക്യൂട്ടീവ് വെറും കടലാസിൽ എഗ്രിമെന്റ് തയ്യാറാക്കി ഒപ്പിട്ട് കൊടുക്കാമെന്ന് പറയുകയുണ്ടായി. അത് സമരസമിതിയുടെ പ്രതിനിധികൾക്ക് സ്വീകാര്യമായിരുന്നില്ല. വിദ്യാർത്ഥികൾ ഈ കാര്യം തങ്ങൾക്ക് സ്വീകാര്യമല്ലെന്ന് പറഞ്ഞിരിക്കുമ്പോഴാണ് മഹാരാജാസ് കോളേജിലെ ഒരു വിദ്യാർത്ഥിയായ ടി. സി. പൗലോസിന്റെ നേതൃത്വത്തിൽ കുറെ വിദ്യാർത്ഥികൾ എക്സിക്യൂട്ടീവ് മെമ്പർമാർ പുറത്തു പോയപ്പോൾ അവരെ തടഞ്ഞത്. രാത്രി 11 മണി വരെ അവരെ തടഞ്ഞുനിർത്തുകയുണ്ടായി. അതിനെ കുറിച്ച് പരാതി കിട്ടിയപ്പോൾ പോലീസ് അവരെ നീക്കം ചെയ്യാൻ വന്നു. ഈ വിദ്യാർത്ഥികളെ അവർ നീക്കം ചെയ്തു. ഈ വിദ്യാർത്ഥികളെ മർദ്ദിച്ചതായി പറയുന്ന പരാതി അല്ലാതെ ലാത്തിച്ചാർജ് നടത്തി

LIBRARY ARCHIVES Kerala Legislative Assembly

ഹോസ്പിറ്റലൈസ് ചെയ്തു എന്നു പറഞ്ഞു. ഹോസ്പിറ്റലിലും അന്വേഷിച്ചു. ഹോസ്പിറ്റലിൽ അന്വേഷിച്ചപ്പോഴും ലാത്തിച്ചാർജ്ജ് നടത്തി പരിക്കേറ്റ ഒരാളേയും അവിടെ പ്രവേശിപ്പിച്ചിട്ടില്ല എന്നു മാത്രമല്ല ആർക്കും യാതൊരു പരിക്കുമില്ല. ലാത്തിച്ചാർജ്ജ് നടത്തിയിട്ടില്ല; പോലീസ് മർദ്ദിച്ചിട്ടില്ല എന്നാണ് ഗവൺമെന്റിന് കിട്ടിയ റിപ്പോർട്ട്. ഏതായാലും ശരി അതിനെക്കുറിച്ച് കൂടുതൽ അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാണ്. അവിടെ യാതൊരു വിധത്തിലുള്ള പ്രത്യേക സാഹചര്യവും ഇപ്പോൾ നിലവിലില്ല.

ശ്രീ. ഇ. കെ. നായനാർ : സർ, അന്ധവിദ്യാലത്തിലെ വിദ്യാർത്ഥികൾ നവംബർ 3-ാം തീയതി ഗവൺമെന്റിന് ഒരു പെറ്റീഷൻ കൊടുത്തിട്ടുണ്ട്. ഞാനും ഗവൺമെന്റ് അടിയന്തിരമായി ഇതിൽ ഇടപെടണമെന്നും പറഞ്ഞ് ഒരു പെറ്റിഷൻ എഴുതി അയച്ചിട്ടുണ്ട്. ആലുവ അന്ധവിദ്യാലയത്തിലെ കുട്ടികളെ കണ്ണുകാണാൻ പാടില്ലാത്തവരാണ്. ഞായറാഴ്ച രാത്രി പതിനൊന്നര മണിയോടുകൂടി ആലുവാ എസ്. ഐ. യുടെ നേതൃത്വത്തിൽ ഒരു സംഘം പോലീസുകാർവന്ന് കണ്ണുകാണാൻ പാടില്ലാത്ത കുട്ടികളെയാണ് ലാത്തിച്ചാർജ്ജ് നടത്തി പരിക്കേൽപ്പിച്ചത്. ഇപ്പോൾ മുഖ്യമന്ത്രി പറഞ്ഞത് പരിക്ക് പറ്റിയില്ല 'നീക്കലേ' നടന്നിട്ടുള്ളൂ എന്നാണ്. നീക്കലും പരിക്കും രണ്ടാണ്. ഉഷ, ലത, മണി എന്നീ പെൺകുട്ടികളും സജീവൻ, ജയൻ, ജയൻസ് ജോർജ് എന്നിവരുൾപ്പെടെ 11 പേർ ആശുപത്രിയിലാണ്. എല്ലാ പത്രങ്ങളിലും അതിനെക്കുറിച്ച് വാർത്തയുണ്ട്. മുഖ്യമന്ത്രി അക്ഷര വിരോധിയാണെങ്കിൽ വായിച്ചിട്ടുണ്ടാവുകയില്ല, അക്ഷരവിരോധിയല്ലെങ്കിൽ വായിച്ചുകാണും. ഉഷ, ലത, മണി, ടി. കെ. വിശ്വംഭരൻ, തോമസ് മൈക്കിൾ, ജോർജ് കെ. വി. പൗലോസ് എന്നീ കുട്ടികളാണ് ആശുപത്രിയിൽ കഴിയുന്നത്. മുഖ്യമന്ത്രി ഇപ്പോൾ ഇവിടെ പറഞ്ഞത് ആശുപത്രിയിൽ ആരും ഇല്ല എന്നാണ്. ഇത്തരത്തിൽ അന്വേഷിക്കുന്നതിന് മുൻപ് മുഖ്യമന്ത്രി വിധിയെഴുതിയത് ലജ്ജാകരവും അപമാനകരവും പ്രതിഷേധാർഹവുമാണ്. സ്കൂളിന്റെ ഭരണസമിതി യോഗം നടന്നുകൊണ്ടിരിക്കെ അപേക്ഷയുമായി ചെന്ന കണ്ണുകാണാൻ വയ്യാത്ത കുട്ടികളെയാണ് തല്ലിയത്. ഇതിനെ സംബന്ധിച്ച് മാതൃഭൂമി റിപ്പോർട്ടിൽപറയുന്നുണ്ട്. ഇതിനെല്ലാംസാക്ഷ്യംവഹിച്ച സ്കൂളിലെ അദ്ധ്യാപകനായ ജോർജ്ജ് വർഗീസ് പോലീസ് കുട്ടികളെ ലാത്തിച്ചാർജ്ജ് ചെയ്തതായി പറഞ്ഞു. അതിൽ ഇടപെട്ട തനിക്കും അടി കിട്ടി എന്നും പറഞ്ഞു. എന്നിട്ട് തല്ലിയില്ല എന്ന് മുഖ്യമന്ത്രി ലജ്ജയില്ലാതെ പറയുന്നു. പോലീസിനെ ആരാണ് വിളിച്ചതെന്ന് തങ്ങൾക്കറിയില്ലെന്ന് ഹെഡ്മിസ്ട്രസ് പറഞ്ഞു. ഹെഡ്മിസ്ട്രസ് അറിയാതെ, അദ്ധ്യാപകരുടെ അടക്കം അടിക്കത്തക്കവിധത്തിൽ എസ്. ഐ. അടക്കം കയറിച്ചെന്ന് കണ്ണുകാണാൻ വയ്യാത്ത കുട്ടികളെ ലാത്തിച്ചാർജ്ജ് ചെയ്തു. 11 പേർക്ക് പരിക്ക് പറ്റി. അതു നിഷേധിക്കുന്ന ലജ്ജയില്ലാത്ത നാണംകെട്ട നടപടിയാണ് മുഖ്യമന്ത്രി സ്വീകരിച്ചിരിക്കുന്നത്. കുറ്റവാളികളെ ശിക്ഷിക്കണം. പോലീസ് ഉദ്യോഗസ്ഥൻമാരാണ് മുൻകൈയ്യെടുത്തത്. അസംബ്ലിയിൽ നിരന്തരം പോലീസ് അക്രമമാണു ചർച്ച ചെയ്യുന്നത്. ഇത്തരത്തിൽ അക്രമം കൊടികുത്തി വാഴുന്നതിന് കൂട്ടുപിടിക്കുന്ന മുഖ്യമന്ത്രി ഈ സഭയ്ക്ക് ലജ്ജാകരമാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് അന്വേഷിക്കണം. കുറ്റവാളികളെ ഇപ്പോൾതന്നെ സസ്പെൻഡ് ചെയ്ത് അന്വേഷണം നടത്തണം. പിഞ്ചുകുട്ടികളാണ് അവർക്ക് തിരിഞ്ഞടിക്കാൻ നിവൃത്തിയില്ല. അതുകൊണ്ട് കുറ്റവാളികളെ ശിക്ഷിച്ചുകൊണ്ടുള്ള അന്വേഷണം നടത്തണം സഭ നിർത്തിവച്ച് ഇതു ചർച്ച ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി കെ. കരുണാകരൻ : സർ, ആശുപത്രിയിൽ കിടന്നിട്ടില്ല എന്നല്ല ഞാൻ പറഞ്ഞത്. പരിക്ക് പറ്റിയിട്ട് ആശുപത്രിയിലായി എന്ന വിവരം ലഭിച്ചിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. (ബഹളം) അത് എല്ലാപേരും കേട്ടതാണ്. (ബഹളം) ഒരു കാര്യം ഞാൻ വ്യക്തമാക്കാം, ഷെരാവോ ചെയ്തത് വെടി വയ്ക്കുന്നതിന്റെ പേരിലാണെങ്കിൽ പോലും, പാവപ്പെട്ട അന്ധവിദ്യാർത്ഥികളെ മർദ്ദിച്ചിട്ടുണ്ടെങ്കിൽ അതിനെക്കാളും ക്രൂരമായി മറ്റൊന്നും ഇവിടെ നടക്കാനില്ല. (ബഹളം) ഇക്കാര്യത്തിൽ അസാധാരണമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. നിത്യവും പോലീസ് അതിക്രമങ്ങളും ഈ സഭയിൽ അവതരിപ്പിക്കുന്നതിനേക്കാളും ഉപരിയായി ..... (ബഹളം)..... ഇതിനൊരു അന്ത്യമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാണ്:.... (ബഹളം)..... ഇതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനു കിട്ടിയ റിപ്പോർട്ട് ലാത്തിച്ചാർജ് നടന്നിട്ടില്ലെന്നാണ്. എന്നാൽ അന്ധരായ കുട്ടികളെ മർദ്ദിച്ചിട്ടുണ്ടെങ്കിൽ അതു ക്രൂരമാണ്. ഇതിനുവേണ്ടി അസാധാരണമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. സർവ്വീസിലുള്ള ഒരു ജഡ്ജിയെക്കൊണ്ട് ഇത് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് തയ്യാറാണ്. ഇവരെ മാറ്റി നിർത്തണമോ അതോ സസ്പെൻഡ് ചെയ്യണമോ ഏതു നിലയിലുള്ള നിർദ്ദേശം ആ ജഡ്ജി തന്നാലും ആ നിർദ്ദേശം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. പരിക്കിനെക്കുറിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പത്രമായ ദേശാഭിമാനിയിൽ പരിക്കുപറ്റി ആശുപത്രിയിൽ കിടക്കുന്നു എന്നു പറഞ്ഞതിന്റെ ഫോട്ടോ നോക്കണം സർ. ഒരു പഞ്ഞിവച്ച അടയാളം പോലുമില്ലാത്ത ഫോട്ടോയാണ്. അങ്ങ് ഇതൊന്ന് നോക്കണം. ഒരു പരിക്കുമില്ല.

(പത്രം സഭയുടെ മേശപ്പുറത്തു വച്ചു.)

ശ്രീ. ബേബിജോൺ : ആശുപത്രിയിൽ കിടക്കുന്നു. പക്ഷെ പരിക്കു പറ്റിയിട്ടില്ല, ലാത്തിച്ചാർജ് നടത്തിയിട്ടില്ല. പിന്നെ അവരെയെന്തിനാണ് ആശുപത്രിയിൽ കിടത്തിയത് ?

ശ്രീ. കെ. കരുണാകരൻ : ആ ഫോട്ടോയൊന്നു നോക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ് : അനുമതി നിഷേധിക്കണമെന്നു മുഖ്യമന്ത്രി പറഞ്ഞില്ല. അതുകൊണ്ട് അങ്ങേയ്ക്ക് അനുമതി തരുവുന്നതാണ്.

ശ്രീ. കെ. കരുണാകരൻ : അത് ആദ്യംതന്നെ പറഞ്ഞു ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് ഇക്കാര്യം അന്വേഷിപ്പിക്കാനുള്ള നടപടി ഒരു ഗവൺമെന്റിന്റെ കാലത്തും സ്വീകരിക്കാത്ത നടപടി, വിശേഷിച്ചും അന്ധവിദ്യാർത്ഥികളായതുകൊണ്ട് അടിസ്ഥാന രഹിതമാണെങ്കിൽപ്പോലും അന്വേഷിക്കാൻ തയ്യാറാണ്.

ശ്രീ. ഇ. കെ. നായനാർ : ആദ്യം ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്യണം. പിന്നീട് അന്വേഷിപ്പിക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ് : അനുമതി നിഷേധിക്കുന്നു എന്നു പറഞ്ഞിട്ടില്ല. അങ്ങനെ പറയാത്തിടത്തോളം കാലം അഞ്ചുപോലും ചർച്ചയ്ക്ക് തയ്യാറാണ്.

ശ്രീ. കെ. കരുണാകരൻ : സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തിര സാഹചര്യമില്ലെന്ന് ആദ്യ പ്രാവശ്യം പറഞ്ഞു. അതു റിപ്പീറ്റ് ചെയ്യണമോ ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. നായനാർ : ഇൻസ്പെക്ടറെ സസ്പെൻറ് ചെയ്യാതെയുള്ള അന്വേഷണത്തിൽ വിശ്വാസമില്ല. ഇൻസ്പെക്ടറെ സസ്പെൻഡ് ചെയ്യണം. എന്നിട്ടു അന്വേഷിപ്പിക്കണം. അതുകൊണ്ട് വാക്കൗട്ട് നടത്തുന്നു.

(ശ്രീ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. കെ. പി. പ്രഭാകരൻ : സർ, അടിസ്ഥാന രഹിതമാണെങ്കിലും അന്വേഷിപ്പിക്കുമെന്നാണ് പറഞ്ഞത്, അടിസ്ഥാന രഹിതമാണെന്ന് വിധി പറഞ്ഞുകഴിഞ്ഞു. അങ്ങനെ അടിസ്ഥാനരഹിതമാണെന്ന് വിധി പറഞ്ഞു കഴിഞ്ഞതിനുശേഷം അവരെക്കൊണ്ട് അന്വേഷിപ്പിച്ചിട്ടു, എന്താണ് പ്രയോജനം ? ആശുപത്രിയിൽ കിടക്കുന്നത് ലാത്തിച്ചാർജ് കൊണ്ട് പരിക്കുപറ്റിയ ആളുകളല്ലെന്ന് പറഞ്ഞു. എങ്ങനെ പരിക്കുപറ്റിയെന്നു ള്ളത് ഡോക്ടർമാരല്ലേ നിശ്ചയിക്കേണ്ടത് ? പോലീസ് മന്ത്രിതന്നെ ആരോഗ്യമന്ത്രിയും കൂടിയായാൽ ആശുപത്രികൾക്കും രക്ഷയില്ലെന്നല്ലേ ഈ പറയുന്നതിന്റെ അർത്ഥം? ഈ സഭ നടക്കുന്ന കാലത്തെങ്കിലും ഇത്തരത്തിലുള്ള സംഭവങ്ങളുണ്ടാക്കാതെ പോലീസ് കുറച്ച് സംയമനം പാലിക്കാമായിരുന്നു. സഭ നടക്കുമ്പോഴത്തന്നെ നിത്യേന ഒന്നിനു പുറകെ ഒന്നായി ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നു. ഈയൊരു പ്രശ്നമെങ്കിലും ഒന്നു ചർച്ച ചെയ്യാൻ അനുവദിക്കണം. അതിന് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് ഇറങ്ങിപ്പോയി.)

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, മുഖ്യമന്ത്രി ഇവിടെ വായിച്ച റിപ്പോർട്ട് നിജസ്ഥിതിക്ക് വ്യത്യസ്തമായി പോലീസ് കളവുറിപ്പോർട്ട്കൊടുത്തതാണോ, അതല്ല യഥാർത്ഥ റിപ്പോർട്ട് കിട്ടിയിട്ടും സഭയെ തെറ്റിദ്ധരിപ്പിക്കുവാൻ വേണ്ടി മുഖ്യമന്ത്രി മറച്ചുവച്ച് പ്രസ്താവനയിറക്കിയതാണോ എന്ന് എനിക്കറിയില്ല. അദ്ദേഹം പറഞ്ഞത് ഞങ്ങളും പ്രശ്നമുണ്ടാക്കുന്നു എന്നാണ്. ഞങ്ങളും അടിയന്തിരപ്രമേയങ്ങളും വഴി പ്രശ്നങ്ങളുണ്ടാക്കുന്നു എന്നു പറഞ്ഞു. ഇന്നു മാതൃഭൂമി, മനോരമ, കേരളകൗമുദി, ദേശാഭിമാനി തുടങ്ങി സകല പത്രങ്ങളിലും അവിടെ അന്ധവിദ്യാർത്ഥികൾക്കെതിരായി നടന്ന ക്രൂരമായ പോലീസ് നരനായാട്ടിന്റെ കഥയുണ്ട്. അതു ഞങ്ങളും ഇവിടെ പറയുമ്പോൾ മുഖ്യമന്ത്രി അതു പറയുന്നവരെ ആക്ഷേപിക്കുന്നു. അദ്ദേഹത്തിന്റെ പോലീസ് ഇന്ന് ആളുകളെ തല്ലുന്നു. തല്ലു വന്നു വന്നു എവിടെയെത്തി ? അന്ധവിദ്യാർത്ഥികളെപ്പോലും തല്ലുന്നു. എന്നിട്ട് അത് തെറ്റാണെന്നു കാണാൻ മുഖ്യമന്ത്രി തയ്യാറല്ല. ആ പോലീസ് ഉദ്യോഗസ്ഥൻമാരെ സസ്പെൻഡ് ചെയ്ത് നടപടികളെടുക്കാൻ അദ്ദേഹം സന്നദ്ധനല്ല. അതിൽപ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ : സർ, കണ്ണു കാണാൻ വയ്യാത്ത കുഞ്ഞുങ്ങളെ പോലും നിങ്ങളുടെ ഗവൺമെൻറ് വിടുന്നില്ല. എന്നിട്ട് അതിനെ നീതികരിക്കുന്ന ഒരു മുഖ്യമന്ത്രിയും. ലാത്തിച്ചാർജ്ജ് ചെയ്തിട്ടില്ലെന്നു പറയുന്നു പരിക്കില്ലെന്നുപറയുന്നു. എന്തിനാണ് അവരെ പിന്നെ ആശുപത്രിയിൽ അഡ്മിറ് ചെയ്തതെന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. അങ്ങ് അതെങ്കിലും പറയുമെന്ന് ഞാൻ കരുതുന്നു.

ബഹുമാനപ്പെട്ട കെ. പി. പ്രഭാകരൻ പറഞ്ഞ ഒരു വസ്തുത മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുന്നു. പണ്ടൊക്കെ നിയമസഭ കൂടുന്ന കാലത്തെങ്കിലും പോലീസുദ്യോഗസ്ഥൻമാർക്ക് ചില നിയന്ത്രണങ്ങളുണ്ടായിരുന്നു. അഥവാ വല്ലപ്പോഴും ഒന്നു തല്ലണമെന്നു വല്ല ഉദ്യോഗസ്ഥൻമാർക്കും തോന്നിയാൽ തന്നെയും സഭയൊന്നു കഴിഞ്ഞിട്ടാകാമെന്നു കരുതുമായിരുന്നു. ഇപ്പോൾ നിയമസഭ കൂടിയാലെന്താ? എന്തുചർച്ച ചെയ്താലെന്താ? എന്തു തോന്ന്യാസവും പോലീസിന് കാണിക്കാനുള്ള ലൈസൻസ് കൊടുത്തിരിക്കുന്നു. അതുകൊണ്ടാണ് ഈ പാവപ്പെട്ട കണ്ണു കാണാൻ വയ്യാത്ത കൊച്ചുകുഞ്ഞുങ്ങളെവരെ തല്ലിയിരിക്കുന്നത്. എന്നിട്ട് ഞങ്ങളെ കുറ്റം പറയുകയാണ്. ഞങ്ങളാണ് അതുകൊണ്ടു വരുന്നത്. നിങ്ങളുടെ കുറ്റം കൊണ്ടല്ലെ ഇതു വരുന്നത്? നിങ്ങളുടെ പോലീസിന്റെ നടപടി പിശകുകൊണ്ടല്ലേ ഇതു വരുന്നത് ? അതുകൊണ്ട് സഭാ നടപടികളം നിർത്തിവച്ച് ചർച്ച ചെയ്യണം. ആശ്രയത്തിന് ആരുമില്ലാത്ത കണ്ണീരുമായി കഴിയുന്ന കുഞ്ഞുങ്ങളെ തല്ലുന്നതിൽ വിനോദം കാണുന്ന ഒരു മുഖ്യമന്ത്രിയുടെ ഭരണകൂടമാണ് ഇവിടെയുള്ളത്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബിജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ലജ്ജയുമില്ല യാഥാർത്ഥ്യവും പറയില്ല എന്നുവച്ചാൽ പിന്നെ എതിർക്കാൻ പ്രയാസമാണ്. ആ നിലയ്ക്കാണ് ഞങ്ങളിപ്പോൾ മുഖ്യമന്ത്രിയുടെ മുന്നിൽ നിൽക്കുന്നത്. ആശുപത്രിയിലുണ്ടെന്ന് സമ്മതിച്ചു. പരിക്കില്ലാതെയാണോ ആശുപത്രിയിൽ പോകുന്നത് ? പരിക്കില്ലാത്തവരെ സർക്കാരാശുപത്രിയിൽ കയറ്റുക എന്നുള്ളത് ഈ മുഖ്യമന്ത്രിയുടെ കാലത്തല്ലാതെ വേറൊരു സമയത്തും നടന്നിട്ടില്ല. ഇനി നടക്കുകയുമില്ല. ശുദ്ധകളവാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ആശുപത്രിയിൽ പ്രവേശിപ്പിക്കണമെങ്കിൽ അവർക്ക് പരിക്കുണ്ടാകണം. പഞ്ഞിയില്ലെന്നു പറഞ്ഞു. നാണമുണ്ടോ മുഖ്യമന്ത്രിക്ക് ഇതു പറയാനായിട്ട്? ലാത്തികൊണ്ടടിച്ചാൽ പഞ്ഞി വയ്ക്കേണ്ട കാര്യമുണ്ടോ ? ബയണറുകൊണ്ട് കുത്തുകയാണെങ്കിൽ അല്ലെങ്കിൽ വെടി വയ്ക്കുകയാണെങ്കിൽ പഞ്ഞി വയ്ക്കണം. Blunt weapen കൊണ്ട് conducive wound ഉണ്ടായിട്ടുണ്ടെങ്കിൽ പഞ്ഞി വയ്ക്കുകയെന്നുള്ള ഏർപ്പാടില്ല. ഈ മുഖ്യമന്ത്രി പോയി തൈലം തിരുമ്മിക്കൊടുത്തിട്ടുണ്ടെങ്കിൽ ആ തൈലം തിരുമ്മിയതിന്റെ ഫോട്ടോ പത്രത്തിൽ കാണുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്ത പ്രസ്താവന വേദകരമാണ്. ഈ സംസ്ഥാനത്തെ മുഖ്യമന്ത്രി ഈ സഭയിൽ വച്ചു എല്ലാ പോലീസുകാർക്കും എവിടേയും ആരേയും വെടിവയ്ക്കാനായിട്ടുള്ള അധികാരമുണ്ടെന്നു പറഞ്ഞതിന്റെ ഫലമായിട്ടാണ് തങ്കമണി സംഭവം നടന്നത്. ഇന്നു പറഞ്ഞ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഈ സംസ്ഥാനത്തെ പോലീസുകാർ എല്ലാസ്ഥലത്തും അടിക്കുക എന്ന രംഗമായിരിക്കും ഉണ്ടാക്കുക. ഈ സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ വീട്ടുകാർക്കുപോലും

LIBRARY ARCHIVES Kerala Legislative Assembly

അടി കിട്ടുന്ന സ്ഥിതിവിശേഷമുണ്ടായി എന്നുവരാം. ആലുവായിലുള്ള ജനങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന കേട്ടു ചിരിക്കുന്നുണ്ടായിരിക്കാം. ബഹുമാനപ്പെട്ട മുഹമ്മദാലി എങ്ങനെ അങ്ങോട്ടു മടങ്ങിപോകുമെന്നു പറയാൻ സാധിക്കുകയില്ല. മുഖ്യമന്ത്രി ഫ്ലൈറാവോയെപ്പറ്റി പറഞ്ഞു. ഇത്തരത്തിലുള്ള സമീപനമാണെങ്കിൽ ഫ്ലൈറാവോയുണ്ടാകും. ഫ്ലൈറാവോയെ നീതികരിക്കാത്ത ആളുകളും ഫ്ലൈറാവോയെ നീതീകരിക്കും. ഈ ഫ്ലൈറാവോയെ നേരിടേണ്ടതായി വരും. ഫ്ലൈറാവോ ശക്തമാകുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇതിനെ എതിർത്തുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപോയി.)

III. ശ്രദ്ധ ക്ഷണിക്കൽ

(1) ആർ. എൽ. ഇ. ജി. പി. പോലെയുള്ള പദ്ധതിയുടെ ആനുകൂല്യം കോർപ്പറേഷൻ—മുൻസിപ്പൽ പ്രദേശങ്ങളിലെ പാവപ്പെട്ടവർക്കും നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. ജി. കാർത്തികേയൻ : സർ, ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന ജനവിഭാഗങ്ങളോട് ഒരു വിവേചന സ്വഭാവത്തോടുകൂടിയ സമീപനം നമ്മുടെ സർക്കാരുകൾ കൈക്കൊള്ളുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുകയാണ്. ഇരുപതിന സാമ്പത്തിക പരിപാടിയനുസരിച്ചുള്ള ധനസഹായങ്ങൾ കേന്ദ്ര ഗവൺമെന്റിൽ നിന്നും, മറ്റു പദ്ധതികളിൽ നിന്നുമാണ് നമ്മുടെ സംസ്ഥാനങ്ങൾക്ക് നൽകി വരുന്നത്. കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന പണമാണെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികളാണെങ്കിലും കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്തു കേരള ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ തിരിക്കണമെന്നാണ് സഭയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇരുപതിന സാമ്പത്തിക പരിപാടിയനുസരിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക്, സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് സഹായങ്ങൾ അനുവദിക്കുന്നതിനുവേണ്ടി, അവർക്ക് ജീവിതമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി അവർക്ക് വീട് വച്ചുകൊടുക്കുന്നതിനുവേണ്ടി നിരവധി പദ്ധതികൾ നമ്മുടെ സംസ്ഥാനത്തുണ്ട്. കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. കൽക്കത്ത, ബോംബേ, ഡൽഹി, മദിരാശി പോലെയുള്ള മെട്രോപ്പോലിറ്റൻ സിറ്റികൾ കേരളത്തിലില്ല. കേരളത്തിൽ തിരുവനന്തപുരം, കോഴിക്കോട്, പൂനക്കുളം തുടങ്ങിയ നഗര സമൂഹങ്ങളുള്ളത്. ആ നഗരങ്ങളോട് ചേർന്നു നഗരപ്രാന്തങ്ങൾ തൊട്ടുനിൽക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തെ പഞ്ചായത്ത് അതിർത്തികൾക്കിടയിലാണ്. തിരുവനന്തപുരം നഗരത്തിൽ 50 കോർപ്പറേഷൻ വാർഡുകളുണ്ട്. ഈ 50 കോർപ്പറേഷൻ വാർഡുകൾക്കപ്പുറം നിൽക്കുന്ന നഗരത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങൾ പഞ്ചായത്തുകളാണ്. ഈ പഞ്ചായത്തുകളിലെ

LIBRARY ARCHIVES Kerala Legislative Assembly